"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ(ജി) വകുപ്പ്- പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയും, "കൾ" ചെയ്തതുമായ പക്ഷികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മൃഗസംരക്ഷണ (ജി) വകുപ്പ്

സ.ഉ.(കൈ) നം.14/2022/AHD തീയതി,തിരുവനന്തപുരം, 10-03-2022

പരാമർശം:-
1. 15.03.2020 ലെ സ.ഉ (സാധാ) നം.96/2020/എഎച്ച്ഡി
2. 07.01.2021 ലെ സ.ഉ (സാധാ) നം.9/2021/എഎച്ച്ഡി
3. 06/01/2022 ലെ S.R.O No.66/2022 നമ്പർ നോട്ടിഫിക്കേഷൻ
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 13.12.2021, 16.02.2022-ലെ AHD/6321/2020-E1 നമ്പർ കത്തുകൾ
5. 09.03.2022-ലെ മന്ത്രിസഭായോഗതീരുമാനം

**ഉത്തരവ്**

ആലപ്പുഴ, കോട്ടയം ജില്ലകളിൽ താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചുകൊണ്ട് പരാമർശം 3 പ്രകാരം സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷിപ്പനി പ്രതിരോധത്തിന് Action plan of Animal Husbandry for Preparedness, Control and Containment of Avian Influenza (2021) കേന്ദ്ര ആക്ഷൻ പ്ലാൻ പ്രകാരം പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിൽ നിന്നും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും 'കള്ളിംഗ്" ചെയ്യേണ്ടതുണ്ട്.

മുൻ വർഷങ്ങളിൽ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും, "കൾ" ചെയ്ത പക്ഷികൾക്കും നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് പരാമർശം 1,2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത നിരക്കുകളിൽ കർഷകർക്ക് തുടർന്നും നഷ്ടപരിഹാരം നൽകുവാൻ അനുമതി നൽകണമെന്ന് പരാമർശം 4 പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

കൂടാതെ രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നീ ഇനത്തിൽ ആവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ഇന്ററോഗ നിയന്ത്രണം പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചശേഷം നഷ്ടപരിഹാരമായി കേന്ദ്രസർക്കാരിൽ നിന്നും കേന്ദ്രവിഹിതം ലഭിക്കുന്ന മുറയ്ക്ക് മൃഗസംരക്ഷണവകുപ്പിന്റെ Livestock, Health and Disease Control എന്ന കേന്ദ്രാവിഷ്കത പദ്ധതിയിൽ ASCAD കംപോണന്റിന്റെ ശീർഷകമായ 2403-00-101-65 പ്ലാനിൽ നിന്നും കേന്ദ്രവിഹിതം റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണ് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും, "കൾ" ചെയ്തതുമായ പക്ഷികൾക്കും നശിപ്പിച്ച മുട്ടയ്ക്കും ചുവടെ പറയും പ്രകാരമുള്ള നിരക്കിൽ നഷ്ടപരിഹാരം അനുവദിച്ചുകൊണ്ടും രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നീ ഇനത്തിൽ ആവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണം പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Rate Per Bird (Rs) (Poultry & Duck) | | Rate Per Egg (Rs) |
|---|---|---|
| Birds below 2 months | Birds above 2 months | |
| Rs.100/- | Rs.200/- | Rs.5/- |

തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ ആലപ്പുഴ/കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (09.03.2022 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നംപർ 585 പ്രകാരം)
ധനകാര്യ വകുപ്പ് (11.02.2022 ലെ U.O(F)No.Agri-B1/9/2021-FIN പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-03-2022

ഫയൽ നം. ജി3/134/2021/എ.എച്ച്. ഇനം നം: 585

വിഷയം : മൃഗസംരക്ഷണ വകുപ്പ് - പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടതും 'കൾ ചെയ്തതു'മായ പക്ഷികൾക്കുള്ള നഷ്ടപരിഹാര തുക നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

US (G)
Urgent
8/10/3

9/3

585

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജി3/134/2021-എ.എച്ച്. |
| 2 | വകുപ്പ് | : | മൃഗസംരക്ഷണ (ജി) വകുപ്പ് |
| 3 | വിഷയം | : | പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടതും 'കൾ ചെയ്തതു'മായ പക്ഷികൾക്കുള്ള നഷ്ടപരിഹാര തുക നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/01/2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഷീല.പി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/02/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/02/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ജെ. ചിഞ്ചുറാണി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/02/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/02/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട് മരണപ്പെട്ടതും കൾ ചെയ്തതുമായ പക്ഷികൾ, നശിപ്പിച്ച മുട്ട എന്നിവയ്ക്ക് നിലവിലുള്ള നിരക്കിൽ തുടർന്നും നഷ്ടപരിഹാരത്തുക അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ആലപ്പുഴ, കോട്ടയം ജില്ലകളിൽ താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചുകൊണ്ട് 06/01/2022 ലെ S.R.O No.66/2022 പ്രകാരം സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷിപ്പനി പ്രതിരോധത്തിന് Action plan of Animal Husbandry for Preparedness, Control and Containment of Avian Influenza (2021) കേന്ദ്ര ആക്ഷൻ പ്ലാൻ പ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു. പ്രതിരോധ പ്രവർത്തനതിന്റെ ഭാഗമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിൽ നിന്നും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും കള്ളിംഗ് ചെയ്യേണ്ടതുണ്ട്.

3) 2020 ൽ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും, കൾ ചെയ്ത കോഴികൾക്കും രണ്ടുമാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) രണ്ടുമാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ (നൂറ് രൂപ മാത്രം) എന്ന തോതിലും, നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ നിലവിലുള്ള നിരക്കുകളിൽ കർഷകർക്ക് തുടർന്നും നഷ്ടപരിഹാരം നൽകുവാൻ അനുമതി നൽകണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്. രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നീ ഇനത്തിൽ

ആവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണം പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചശേഷം നഷ്ടപരിഹാരമായി കേന്ദ്രസർക്കാരിൽ നിന്നും കേന്ദ്രവിഹിതം ലഭിക്കുന്ന മുറയ്ക്ക് മൃഗസംരക്ഷണവകുപ്പിന്റെ Livestock, Health and Disease Control എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ASCAD കംപോണന്റിന്റെ ശീർഷകമായ 2403-00-101-65 പ്ലാനിൽ നിന്നും കേന്ദ്രവിഹിതം റീക്കുപ്പ് ചെയ്ത് നൽകുന്നതാണ് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര നിരക്ക് ചുവടെ ചേർക്കുന്നു.

| Rate Per Bird (Rs) | | Rate Per Egg (Rs) |
|---|---|---|
| Birds below 2 months | Birds above 2 months | |
| Poultry-20<br>Ducks-35 | Poultry-90<br>Ducks-135 | 4/- |

5) ഡയറക്ടറുടെ പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"പക്ഷിപ്പനിയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകി തുടങ്ങിയതു മുതൽ ഇതുവരെ കേന്ദ്രസർക്കാർ നഷ്ടപരിഹാരമായി അനുവദിച്ചു നൽകിയ തുകയുടെ വിശദവിവരം (വർഷം തിരിച്ച് ) വ്യക്തമാക്കുവാനും, നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ ഫലപ്രദമായി ഇടപെടീൽ നടത്തിയോ എന്നുള്ള വിവരം, ഇതുവരെ മേൽ ആവശ്യത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണം പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും (ADCP) ചെലവഴിച്ച തുകയുടെ വിശദവിവരം, റീക്കുപ്പ് ചെയ്ത തുകയുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു. കൂടാതെ ADCP ഫണ്ടിൽ നിന്നും ചെലവ്

ചെയ്ത്, പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ള ആലപ്പുഴ ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഈ വകുപ്പിന് വിയോജിപ്പില്ലായെന്നും അറിയിയ്ക്കുന്നു, സർക്കാർ മേൽ തുക റീക്കുപ്പ് ചെയ്യുന്നതിനുള്ള തുക അനുവദിയ്ക്കില്ലായെന്നും അറിയിയ്ക്കുന്നു.

ഇതിന് ബഹു:ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് നിരവധി തവണ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കൂടാതെ എം. പി. മാരുടെ യോഗത്തിലേയ്ക്ക് ഉന്നയിക്കേണ്ടുന്ന വകുപ്പുതല വിഷയമായും, കേന്ദ്ര സർക്കാർ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് വിളിച്ചുകൂട്ടിയ യോഗത്തിൽ ചർച്ചാവിഷയമായും കേന്ദ്ര വിഹിതം സംബന്ധിച്ച അഭ്യർത്ഥന വകുപ്പിൽ നിന്നും നടത്തിയിട്ടുണ്ട് എന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**<u>കേന്ദ്ര സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശം</u>**

| വർഷം | സംസ്ഥാന നിരക്കിൽ നഷ്ടപരിഹാരമായി നല്കിയ തുക (രൂപയിൽ) | കേന്ദ്ര നിരക്കിൽ കേന്ദ്ര വിഹിതമായി ലഭിയ്ക്കാനുള്ള തുക (രൂപയിൽ) | കേന്ദ്ര നിരക്കിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക (രൂപയിൽ) |
|---|---|---|---|
| 2014 | 2,51,60,830/- | 1,25,80,415/- | 1,25,80,415/- |
| 2016 | 11,83,73,865/- | 3,56,53,390/- | 1,15,00,000/- |
| 2020 | 15,83,950/- | 3,40,251/- | NIL |
| 2021 (ജനുവരി) | 1,24,91,260/- | 33,84,165/- | NIL |

7) നിലവിലുള്ള നിരക്കുകളിൽ തുടർന്നും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നകാര്യം തീരുമാനിക്കുന്നതിനായി ബഹു: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി മുഖേന ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**തീരുമാനിക്കേണ്ട വിഷയം**

സംസ്ഥാനത്ത് പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്തതുമായ പക്ഷികൾക്കും നശിപ്പിച്ച മുട്ടയ്ക്കും ചുവടെ പറയും പ്രകാരം നിലവിലുള്ള നിരക്കിൽ നഷ്ടപരിഹാരം അനുവദിക്കാമോ?

| Rate Per Bird (Rs) (Poultry & Duck) | | Rate Per Egg (Rs) |
|---|---|---|
| Birds below 2 months | Birds above 2 months | |
| Rs.100/- | Rs.200/- | 5/- |